**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2302** **05.02.2018-ൽ മറുപടിയ്ക്ക്**

**ലോട്ടറിയിന്മേലുള്ള സർവ്വീസ് ചാർജ്ജിനത്തിൽ ഈടാക്കിയ തുക**

| **ചോദ്യം**<br>**ശ്രീ.അൻവർ സാദത്ത് :** | | **മറുപടി**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | ജി. എസ്. ടി. നടപ്പിലാക്കുന്നതിന് മുമ്പ് ലോട്ടറിയിന്മേലുള്ള സർവ്വീസ് ചാർജ്ജിനത്തിൽ വകുപ്പോ ക്ഷേമ നിധി ബോർഡോ ഈടാക്കിയ തുക പൂർണ്ണമായും സർവ്വീസ് ടാക്സ് ആയി അടച്ചിട്ടുണ്ടോ; അടച്ചിട്ടില്ലെങ്കിൽ ഇനി അടക്കുവാനുള്ള തുക എത്ര യാണ്; | (എ) | നവംബർ 2015 മുതൽ ജൂൺ 2017 വരെയുള്ള കാലയളവിൽ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് മുഖേന സേവന നികുതിയിനത്തിൽ ശേഖരിച്ച തുക 186.27 കോടി രൂപയാണ്. പ്രസ്തുത തുകയിൽ നിന്നും 160.85 കോടി രൂപ സേവന നികുതിയിനത്തിൽ സെൻട്രൽ എക്സൈസ്, കസ്റ്റംസ് & സർവ്വീസസ് ടാക്സ് വകുപ്പിലേക്ക് ഒടുക്കിയിട്ടുണ്ട്.<br>2016 നവംബറിൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ നോട്ട് നിരോധനത്തെത്തുടർന്ന് ഭാഗ്യക്കുറി വിൽപ്പനയിന്മേൽ ഇടിവ് സംഭവിച്ച സാഹചര്യത്തിൽ പല നറുക്കെടുപ്പുകളും റദ്ദാക്കിയതിനാൽ 2016 നവംബർ 9 മുതൽ 2016 ഡിസംബർ വരെയുള്ള കാലയളവിൽ സേവന നികുതി ഒഴിവ് നൽകുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് അഭ്യർത്ഥന നൽകിയ സാഹചര്യത്തിൽ പ്രസ്തുത കാലയളവിലെ സേവനനികുതി തുക ഒടുക്കിയിട്ടില്ല. 12.56 കോടി രൂപ സേവന നികുതിയിനത്തിൽ ഒടുക്കേണ്ടതായ തുക കുടിശ്ശിക നിൽക്കുന്നുണ്ട്. |
| (ബി) | സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കിയ തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ എന്താവശ്യത്തിന് എന്നും എത്ര തുക വകമാറ്റിയെന്നും വ്യക്തമാക്കാ മോ; | (ബി) | 2017 ജൂലൈയിൽ ജിഎസ് റ്റി നിലവിൽ വന്നപ്പോൾ സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിനെ സേവനനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുകയും ബോർഡിന്റെ പക്കൽ സേവന നികുതിയും അനുബന്ധ ചെലവുകൾക്കുമായി ശേഖരിച്ച ഇനത്തിൽ ശേഷിച്ച 25.42 കോടി രൂപയിൽ നിന്നും 21.03 കോടി രൂപ ക്ഷേമനിധി അംഗങ്ങളായ ഭാഗ്യക്കുറി ഏജൻറുമാർക്കും |

| | | | |
|---|---|---|---|
| | | | വിൽപ്പനക്കാർക്കും പെൻഷൻകാർക്കും ഓണം ഉത്സവബത്തയിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സേവന നികുതി അടയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം ലഭിയ്ക്കുന്ന മുറയ്ക്ക് ടി തുക അനുവദിച്ച് നൽകുന്നതാണ് എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം വക മാറ്റി ചെലവഴിച്ചത്. |
| (സി) | ക്രമവിരുദ്ധമായി തുക ചെലവഴിച്ചതിന് ഉത്തരവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) | ഇക്കാര്യത്തിൽ ക്രമ വിരുദ്ധമായി യാതൊരു നടപടിയും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ